പുൽമേട് മുഖേന സംബന്ധിച്ച അന്വേഷണങ്ങൾ

53(258) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ തീർത്ഥാടന കാലത്ത് ശബരിമലയിലെ പുൽമേട്ടിൽ ഉണ്ടായ ദുരന്തത്തിന് കാരണമായ സുരക്ഷാ വീഴ്ചയെപ്പറ്റി സംസ്ഥാന പോലീസ് എന്തൊക്കെ അന്വേഷണങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് സംബന്ധിച്ച് നടന്ന പ്രാഥമിക അന്വേഷണത്തിൽ എന്തൊക്കെ വീഴ്ചകൾ സംഭവിച്ചതായാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) ദേശീയ കടുവാ സംരക്ഷണ മേഖലയായ ഈ ഭാഗത്ത് ലക്ഷക്കണക്കിന് ഭക്തർ തടിച്ചുകൂടിയിട്ടും ഇവരെ നിയന്ത്രിക്കുന്നതിനോ മതിയായ സുരക്ഷാ ക്രമീകരണം ഏർപ്പെടുത്തുന്നതിനോ കഴിയാതിരുന്ന ഗുരുതരമായ വീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കുമോ ;

(ഡി) ഈ സംഭവത്തെക്കുറിച്ച് പോലീസ് വകുപ്പ് എന്തൊക്കെ വിശദമായ അന്വേഷണങ്ങൾക്കാണ് ശിപാർശ ചെയ്തിരിക്കുന്നത് ;

(ഇ) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കുമിളി പോലീസ് സ്റ്റേഷനിൽ സി.ആർ.പി.സി. 174-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 43/11-ന്റെ അന്വേഷണം സി.ബി.സി.ഐ.ഡി.-യ്ക്ക് കൈമാറിയിട്ടുള്ളതും എറണാകുളം ക്രൈംബ്രാഞ്ച് സി.ഐ.ഡി. എച്ച്.എച്ച്. II സൂപ്രണ്ടിന്റെ നേതൃത്വത്തിൽ കേസിന്റെ അന്വേഷണം നടന്നുവരുന്നു.

(ബി-ഇ) അന്വേഷണം ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ലാത്ത സ്ഥിതിയ്ക്ക് ഉത്തരവാദിത്വം ആരോപിക്കുന്നത് ഉചിതമാവില്ല.

LIBRARY ARCHIVES Kerala Legislative Assembly